
# അക്കാദമിക മാസ്റ്റർപ്ലാൻ



ഗവ: എൽ.പി.സ്കൂൾ
പുറപ്പുഴ - തൊടുപുഴ

| | | |
|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | : ഗവ. എൽ. പി. സ്കൂൾ പുറപ്പുഴ |
| | വിലാസം | : പുറപ്പുഴ. പി. ഒ<br>പുറപ്പുഴ<br>ഇടുക്കി - 685583 |
| | ഫോൺ | : 04862 - 273779 |
| 2. | സ്കൂൾ കോഡ് | : 29318 |
| 3. | വിദ്യാഭ്യാസ ഉപജില്ല | : തൊടുപുഴ |
| 4. | വിദ്യാഭ്യാസ ജില്ല | : തൊടുപുഴ |
| 5. | റവന്യൂ ജില്ല | : ഇടുക്കി |
| 6. | ബി. ആർ. സി | : തൊടുപുഴ |
| 7. | സി. ആർ. സി | : പുറപ്പുഴ |
| 8. | ഗ്രാമ പഞ്ചായത്ത് | : പുറപ്പുഴ |
| 9. | ബ്ലോക്ക് പഞ്ചായത്ത് | : തൊടുപുഴ |
| 10 | ജില്ല പഞ്ചായത്ത് | : ഇടുക്കി |
| 11 | നിയമസഭാ മണ്ഡലം | : തൊടുപുഴ |
| 12. | ലോകസഭാ മണ്ഡലം | : ഇടുക്കി |
| 13 | താലൂക്ക് | : തൊടുപുഴ. |
| 14 | വില്ലേജ് | : പുറപ്പുഴ. |
| 15 | ഇ - മെയിൽ | : glppurapuzha@gmail.com . |

ഗവ. എൽ. പി. സ്കൂൾ പുറക്കുഴ.

അക്കാദമിക മാസ്റ്റർ പ്ലാൻ - മലയാളം.

ആമുഖം.

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന, മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നിവയോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാനാവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്.

പുതിയ വർഷത്തിൽ കുട്ടികൾക്ക് ഭാഷയിലും ശാസ്ത്രത്തിലും ഗണിതത്തിലും പരിസര പഠനത്തിലും കൂടുതൽ അവബോധം ഉണ്ടാക്കാനുള്ള സമൂഹത്തിൽ വിദ്യാസമ്പന്നരായി മാറാനും ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിക്കും സാധ്യമാകുന്നതാണ്. ഈ വർഷം ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും ഇടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികളാണ് അവതരിപ്പിക്കുന്നത്.

## ലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളേയും എഴുതാനും വായിക്കാനുമുള്ള ശേഷിയുള്ളവരാക്കുക.
* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളേയും ലളിതമായ ബാല സാഹിത്യ കഥകൾ, കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
* എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘു വാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പു വരുത്തുക.
* ലളിതമായ വായന കാർഡുകൾ നിർമിക്കുന്നു, വായിക്കുന്നു.
* ലിപി തിരിച്ചറിയാതെ തന്നെ തന്റെ ആശയങ്ങൾ രേഖപ്പെടുത്തിയ പദങ്ങൾ, വാക്യങ്ങൾ എന്നിവ വായിക്കുന്നു. [ഗ്രാഫിക് വായന]
* ലിപി തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു വാക്യങ്ങൾ എഴുതുന്നു, വായിക്കുന്നു.
  (താര വന്നു, തത്ത വന്നു).
* വ്യത്യസ്തമായ സർഗാത്മക കഴിവുകൾ പ്രകടിപ്പിക്കൽ.
* പല തരത്തിലുള്ള പതിപ്പുകൾ രൂപപ്പെടുത്തി എടുക്കുന്നു.

## പ്രവർത്തന പദ്ധതി

### ലക്ഷ്യം 1

ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും സ്വന്തമായി എഴുതാനും വായിക്കാനുമുള്ള ശേഷിയുള്ളവരാക്കുക.

### ജൂൺ

* കളികളിലൂടെ ചിത്രവായന.
* വിവിധ തരം ചിത്രങ്ങൾ കാണിച്ച് വായനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുക.
* നിറങ്ങൾ നൽകാൻ അവസരം ഒരുക്കൽ [Work sheet.]
* ചിത്രകാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല.
* വായന സാമഗ്രികൾ തയ്യാറാക്കൽ.

### ജൂലൈ

* അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കൽ
* ചിത്രവായന നടത്തി പ്രസക്തമായ കാര്യങ്ങൾ വാചികമായി പറയുന്നു.
* ക്ലാസ് ലൈബ്രറി ഒരുക്കൽ.
* വായനാമൂല ഒരുക്കൽ.

### ആഗസ്റ്റ്

* ചിത്രവായനാ കാർഡുകൾ തയ്യാറാക്കൽ.
* അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന പദങ്ങൾ അക്ഷരങ്ങൾ ഉറപ്പിക്കൽ.
* അക്ഷരപ്പാട്ടുകളിലൂടെ ചെറു ചോദ്യങ്ങൾ ചോദിക്കുന്നു.
* ആവർത്തിച്ചു വരുന്ന പദങ്ങൾ കണ്ടെത്തി വട്ടം വരയ്ക്കുന്നു.

* ടീച്ചറും രക്ഷിതാക്കളും പുസ്തകങ്ങൾ (കഥ) ഭാവാത്മകമായി വായിച്ച് കേൾപ്പിക്കുന്നു.
* കേട്ട കഥയിലെ ആശയത്തെ ചിത്രീകരിക്കുന്നു.
* സ്കൂൾ ലൈബ്രറി നവീകരിക്കൽ

സെപ്റ്റംബർ

* ചിഹ്നങ്ങൾ ഉറപ്പിക്കൽ
  ചിഹ്നങ്ങൾ ഉറപ്പിക്കാൻ വേണ്ടി കൂടുതൽ പ്രവർത്തനങ്ങൾ നൽകുന്നു.
* ലളിതമായ വായനക്കാർഡുകൾ തയ്യാറാക്കുന്നു, വായിക്കുന്നു.

ഒക്ടോബർ

* ചിത്രവായന -
  ചിത്രവായനയിലൂടെ ചെറുവാക്യങ്ങൾ കണ്ടെത്തുന്നു. വായിക്കുന്നു.
* വായനോത്സവം സംഘടിപ്പിക്കൽ.
* ആസ്വാദനകരമായ വായന നടത്തൽ.
* പിറന്നാളിന് പുസ്തകം ലൈബ്രറിയിൽ നൽകൽ -

നവംബർ

* വരികൾ കൂട്ടിച്ചേർക്കൽ.
* മാതൃകകൾ നൽകി വരികൾ കൂട്ടിച്ചേർക്കൽ.
* ചിത്രവായനയ്ക്ക് അവസരം ഒരുക്കൽ.

ഡിസംബർ

* ചെറുവിവരണങ്ങൾ കൂട്ടി സ്വന്തമായി തയ്യാറാക്കൽ.

  ഉദാ:- ആന
  വലിയ ആന
  കറുത്ത വലിയ ആന.
* മാഗസിൻ നിർമാണം.

**ജനുവരി**

* ചിത്രകഥ
* ചെറുകഥകൾ കേൾക്കുന്നു.
* ചിത്രം നോക്കി പറയുന്നു.
* ചിത്രങ്ങൾ നോക്കി എഴുതാൻ ശ്രമിക്കുന്നു.

**ഫെബ്രുവരി**

* കൂട്ടവായന - കുട്ടിക്കൂട്ടങ്ങൾ ചെറിയ വായനാകാർഡുകൾ ബാലസാഹിത്യങ്ങൾ ഉപയോഗിച്ച് പരസ്പരം സഹായിച്ച് ചിത്രകഥാവായന നടത്തുന്നു.
* ഇ-വായന സാധ്യത കണ്ടെത്തൽ, ICT സാധ്യതകൾ ഉറപ്പാക്കൽ.

**മാർച്ച്**

* കുട്ടികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ എന്നിങ്ങനെയുള്ളവയുടെ പ്രകാശനം
* നാട്ടുവായന - കുട്ടികൾ നിർമിച്ച വായനാതന്ത്രങ്ങൾ നവമാധ്യമങ്ങളിൽ പങ്കിടുന്നു.
* അമ്മവായന - അമ്മയും കുട്ടിയും (അമ്മ വായിച്ചു നൽകുന്ന വായന സാമഗ്രികൾ നവമാധ്യമങ്ങളിൽ പങ്കിടുന്നു)
* വീട്ടുവായന :- വീട്ടിലെ അംഗങ്ങൾ വായിച്ചു നൽകുന്ന വീഡിയോ നവമാധ്യമങ്ങളിൽ പങ്കിടുന്നു.
* വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മ വായന, ചിത്ര വായന, സ്വന്തവായന, തത്തവായന ഇങ്ങനെയുള്ള വായനകളെ പ്രോത്സാഹിപ്പിക്കുന്നു.
* സ്വന്തമായി എഴുതിയും വായിച്ചും പദസമ്പത്ത് വർധിപ്പിക്കുന്നു.

* 'എന്റെ വളരുന്ന പുസ്തകം' തയ്യാറാക്കൽ
* 'എന്റെ അക്ഷര പുസ്തകം' തയ്യാറാക്കുന്നു.
* പതിപ്പുകൾ തയ്യാറാക്കുന്നു.
* എന്റെ പാട്ടു പുസ്തകം തയ്യാറാക്കുന്നു.
* വായനാ കാർഡ് നിർമ്മിക്കുന്നു.
* ചെറുകഥകൾ ഉൾപ്പെടുത്തുന്നു.
* പല തരത്തിലുള്ള കൈയെഴുത്തു മാസികകൾ ഉൾപ്പെടുത്തി നവമാധ്യമങ്ങളിലും PTA മീറ്റിങ്ങുകളിലും പ്രദർശനത്തിന് അവസരമൊരുക്കുന്നു.

**ലക്ഷ്യം 2**

വ്യത്യസ്തമായ സർഗാത്മക കഴിവുകൾ പ്രകടിപ്പിക്കൽ.

**ജൂൺ**

* മഴചിത്രം വരയ്ക്കൽ
* മഴ പാട്ടുകൾ പാടാം
* മഴഅനുഭവങ്ങൾ പങ്കിടാം.
* തോണി നിർമാണം.

**ജൂലൈ**

* വീട്ടുകാരെ പരിചയപ്പെടാം.
* വീട്ടിലെ വിശേഷങ്ങൾ പങ്കുവയ്ക്കാം.
* വീട്ടിലെ അംഗങ്ങളുമായി അഭിനയിക്കൽ

ടീച്ചർ പാട്ടുപാടുന്നു.

ഞാൻ പിറന്ന വീട്

അച്ഛനുണ്ട് വീട്ടിൽ
എന്റെ സ്വന്തം അച്ചാൻ
അമ്മയുണ്ട് വീട്ടിൽ ...

മറ്റ് അംഗങ്ങളെ ചേർത്ത് കവിത പാടുന്നു.
അഭിനയം ചേർത്ത് മുഖംമൂടി വെച്ച് അഭിനയിക്കൽ.

**ആഗസ്റ്റ്**

* പതാക നിർമ്മാണം
* സ്വാതന്ത്ര്യദിന ഗീതങ്ങൾ
* ഫാൻസി ഡ്രസ്സ്.

**സെപ്റ്റംബർ**

* ചിത്രവായന
* ചിത്രക്കാർഡുകൾ
* അക്ഷരപ്പാട്ടുകൾ പാടുന്നു.
* അക്ഷരപ്പാട്ടിൽ നിന്ന് അക്ഷരങ്ങൾ കണ്ടെത്തുന്നു.

**ഒക്ടോബർ**

* അക്ഷരപ്പാട്ടുകളിൽ നിന്ന് കണ്ടെത്തിയ അക്ഷരങ്ങൾ ഉപയോഗിച്ച് ചിത്രം വരക്കുന്നു.
* പുതിയ പദങ്ങൾ ഉണ്ടാക്കുന്നു.
* വായന കാർഡുകൾ സഹായത്തോടെ വായിക്കുന്നു.
* വേദികളിൽ സ്വതന്ത്രമായി കഥ, കവിത, ആംഗ്യപാട്ട് അവതരിപ്പിക്കുന്നു.

**നവംബർ**

* അക്ഷര കാർഡുകളിൽ നിന്ന് പദനിർമ്മാണം.
* ചിത്ര കാർഡുകളിൽ നിന്ന് പദനിർമ്മാണം.

# Academic Master Plan

## ENGLISH

### INTRODUCTION.

The goal is for the first grader to handle English fluently. The first grader must go from small word to big word. Must be able to read, write and speak English with it.

The main objective of the Academic Master Plan is to make all children proficient in English.

### AIM - OBJECTIVES

* Simple words, Simple Sentence.
    - Add more lines, description.
* Responds to simple instructions in the class room.
* Describes orally about pictures and objects using adjectives. [Colour, Size, Shape etc...]
* Familiarize with words and identifies them.
* Enjoys songs and sings them with rhythm and action.
* Understands the names of birds, animals and their young ones and identifies them from pictures.
* To speak, read & write English without any mistake.

# അക്കാദമിക മാസ്റ്റർ പ്ലാൻ - ഗണിതം

## ക്ലാസ് 1.

### ആമുഖം.

നമ്മുടെ ഓരോ ചുവടുകൾ തെറ്റിയാൽ ജീവിതത്തിൽ പരാജയവും. ഓരോ ചുവടുകൾ ശരിയായാൽ ജീവിത വിജയവും ഉണ്ടാകും എന്ന് പറയാറില്ലേ ? നിത്യ ജീവിതത്തിലെ നിരവധി പ്രശ്നങ്ങളുടെ പരിഹാരത്തിന് ഗണിതം അത്യന്താപേക്ഷിതമാണ്. അതിന്റെ തുടക്കമാണ് ഒന്നാം ക്ലാസിലെ ഗണിത പഠനം. ഉല്ലാസത്തോടെ ആസ്വദിച്ചു പഠിക്കാനുള്ള അവസരമാണ് ഒന്നാം ക്ലാസിലെ കുട്ടികൾക്ക് കിട്ടേണ്ടത്. അതിനാവശ്യമായ പഠന പ്രവർത്തനങ്ങളാണ് കുട്ടികൾക്കായി ഒരുക്കേണ്ടത്. അതിന് സാധ്യമാകുന്ന തരത്തിലാണ് അക്കാദമിക മാസ്റ്റർ പ്ലാൻ അവതരിപ്പിക്കുന്നത്.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് : 2 മലയാളം.

പൊതു വിദ്യാഭ്യാസത്തെ മുഖ്യധാരയിൽ എത്തിക്കാൻ കുട്ടികളിൽ ഭാഷാവികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലകളിൽ കുട്ടിയുടെ കഴിവ് പരിഗണിച്ചാണ് ക്ലാസ് തല മാസ്റ്റർ പ്ലാൻ അവതരിപ്പിക്കുന്നത്. എല്ലാ കുട്ടികളെയും വിവിധ മേഖലകളിൽ മികവുറ്റവരാക്കി തീർക്കുക എന്നതാണ് ഈ വർഷത്തെ ലക്ഷ്യം.

### പ്രവർത്തന ലക്ഷ്യങ്ങൾ.

* ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
* എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുന്നതിന്.
* എല്ലാ കുട്ടികളെയും ക്ലാസ് നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുന്നതിന്,
* വർഷാവസാനം സ്വതന്ത്രമായി ലേഖനങ്ങളിലേർപ്പെടുന്നതിനും വ്യക്തിഗത രചനകളിൽ ഏർപ്പെടുന്നതിനും,

* ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നതിന്.

* ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു:

## മുന്നൊരുക്കം.

* പ്രീ ടെസ്റ്റ് നടത്തുന്നു. വിവിധ നിലവാരക്കാരായ കുട്ടികളെ കണ്ടെത്തുന്നു.
* കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി കുട്ടിക്ക് പിന്തുണ ലഭ്യമാക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.

## പ്രവർത്തന ലക്ഷ്യം

* ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

## ജൂൺ

* ചിത്രവും പദവും ഉൾക്കൊണ്ട ചിത്രകാർഡുകൾ നൽകൽ.
* ഭാഷണത്തിന് ക്ലാസിൽ അവസരം ഒരുക്കൽ.
* വായനാ സാമഗ്രികൾ നിർമിക്കൽ.
* വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

## ജൂലൈ

* ഭാഷാമുരളി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.

# Academic Master Plan

## Class 2 English.

Aim :- To speak, Read and Write English without any mistakes.

Time :- June, July, August. — March.

### JUNE.

* Pre test.

* To develop listening skills and reading skills.

#### Listening Skill.

* Games
* Action songs.
* Hello English Activities.
* Conversations.
* Stories.
* Use ICT.

#### Speaking Skill.

* Descriptions.
* Picture reading.
* Picture description.
* Self Introduction
* Assembly.
* Quiz * Riddles.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ്. 2 ഗണിതം.

ഗണിതപഠനം രസകരവും ആസ്വാദ്യവുമായി കുട്ടി കൈകാര്യം ചെയ്യണം. എന്നത് മുന്നിൽ കണ്ടു കൊണ്ടു തന്നെയാണ് "ഉല്ലാസ ഗണിതം" പദ്ധതിയും മുന്നോട്ടു വന്നത്. ഓരോ പഠനനേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ടു തന്നെയാവണം കുട്ടി പഠിക്കേണ്ടത്, എന്നതിന് ഒരു മാർഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. താൽപര്യത്തോടെ ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു കൊണ്ട് നേടിയെടുക്കേണ്ട ശേഷികൾ നേടിയെടുക്കുക എന്ന ലക്ഷ്യം തന്നെയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ മുന്നോട്ടു വയ്ക്കുന്നത്.

# ACADEMIC MASTER PLAN.

## ENGLISH

## CLASS 3

AIM :- To Speak, Read and Write English without any mistake.

TIME :- JUNE — MARCH.

### PRE TEST

* To check the vocabulary and writing skill of pupils.

### JUNE & JULY.

* To develop listening skills and reading skills.

#### Listening Skills.

- Games, Action Songs, Hellow English Activities.
- Conversation, Skit, Stories, Use of ICT.

#### Speaking Skills.

- Identify the naming words from the picture.
- Identify the action words from the same picture.
- Make simple sentences using the action words and naming words about the picture.
- Make simple description about the picture.
- Growing sentences, picture reading, self introduction assembly are also conducted.

# അക്കാദമിക മാസ്റ്റർ പ്ലാൻ.

## ക്ലാസ് : മൂന്ന്   വിഷയം :- പരിസരപഠനം.

**ലക്ഷ്യം : 1.**

* പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.

ജൂൺ - ഒക്ടോബർ

• പ്രകൃതി നടത്തം.

* ചുറ്റുപാടുമുള്ള ജീവജാലങ്ങളെ അറിയാം.
* പ്രത്യേകതകൾ മനസിലാക്കാം.
* വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയാം.
* ജീവികളുടെ പരസ്പരാശ്രയത്വം - ചർച്ച
* നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം അന്വേഷിച്ചറിയാം സ്വയം തിരുത്താം.
* പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസിലാക്കാം.
  [ഡോക്യുമെന്ററി പ്രദർശനം]
* ചർച്ച - തെറ്റും ശരിയും.

ജൂൺ - മാർച്ച്

• പൂന്തോട്ടം ഒരുക്കാം.

* സ്കൂൾ പൂന്തോട്ടം നിർമിക്കൽ പരിപാലിക്കൽ
* വീട്ടിൽ പൂന്തോട്ടം നിർമിക്കൽ.

ജൂൺ - മാർച്ച്

• ഒരു തൈ നടാം.

* പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടീൽ.
* നട്ട വൃക്ഷത്തൈ പരിപാലിക്കൽ.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 3 ഗണിതം.

### ലക്ഷ്യങ്ങൾ

* ഗണിത പഠനം ഉല്ലാസപ്രദവും കൗതുകകരവുമാക്കി മുഴുവൻ കുട്ടികൾക്കും ഗണിത ശേഷികൾ ഉറപ്പിക്കുക.
* മുഴുവൻ കുട്ടികളെയും മികച്ച പ്രശ്ന പരിഹരണ ശേഷിയുള്ളവരാക്കി മാറ്റുക.
* കലാകായിക പ്രവൃത്തി പഠനാശയങ്ങൾ മറ്റ് വിഷയങ്ങളുമായി ഉൾച്ചേർത്തു കൊണ്ട് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിലൂടെ മുഴുവൻ കുട്ടികളെയും ഭാഷയിലേക്കും ഗണിതത്തിലേക്കും പരിസരപഠനത്തിലേക്കും പഠനനേട്ടങ്ങൾ പൂർണമായും കാര്യക്ഷമമായും നേടിയെടുക്കുക
* മലയാളത്തിലും ഇംഗ്ലീഷിലും മുഴുവൻ കുട്ടികൾക്കും ആശയഗ്രഹണത്തോടെ വായിക്കാനും എഴുതാനും കഴിവുണ്ടാക്കുക.
* ആശയങ്ങൾ, അറിവുകൾ, അനുഭവങ്ങൾ, മുന്നറിവുകൾ എന്നിവയുടെ വെളിച്ചത്തിൽ സർഗാത്മക രചനകളിൽ ഏർപ്പെടുന്നതിനും അവതരിപ്പിക്കുന്നതിനും കഴിവുള്ളവരാക്കുക.
* പരീക്ഷണ - നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തുക.
* മുഴുവൻ കുട്ടികൾക്കും ആരോഗ്യ - കായികാരോഗ്യക്ഷമത ഉറപ്പാക്കുക, എയ്റോബിക്സ്, Exercise എന്നിങ്ങനെയുള്ളവ ശീലിപ്പിക്കുക.
* എല്ലാ വിഭാഗം കുട്ടികളെയും പരിഗണിച്ചു കൊണ്ട് പഠന പ്രവർത്തനങ്ങൾ തയ്യാറാക്കി ലിംഗസമത്വം, സാമൂഹ്യനീതി, സമത്വം ഇവ ഉറപ്പാക്കൽ.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ്: 4 മലയാളം

ലക്ഷ്യം

* ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന്.

മേഖല : വായന

പ്രവർത്തനങ്ങൾ

* കുട്ടികളുടെ നിലവാരം അറിയുന്നതിനു വേണ്ടി പ്രീ ടെസ്റ്റ്
* അക്ഷരം ഉറപ്പിക്കൽ
* അടയാളം ഉറപ്പിക്കൽ
* അക്ഷരക്കാർഡ് നൽകൽ
  ചിഹ്നങ്ങൾ നൽകിയ കാർഡ്.
* വാക്കുകൾ അടങ്ങിയ കാർഡ്.
* വാക്യങ്ങൾ നിർമിക്കൽ.
* ചിത്രം നോക്കി അടിക്കുറിപ്പ്, കഥ, കവിത.
  ബാക്കി ഭാഗം പൂർത്തിയാക്കുക.
* വലിയ അക്ഷരമുള്ള കഥ പുസ്തകം നൽകൽ
  [ആഗസ്റ്റ് — മാർച്ച്]
* വായനക്കൂടം ആഗസ്റ്റ് - മാർച്ച്
* അമ്മ വായന.
* പത്രവായന
* സമീപത്തുള്ള ഗ്രന്ഥശാലയിൽ നിന്ന് മെമ്പർഷിപ്പ് എടുക്കുക.
* വിദ്യാരംഗം, സർഗവേള, ബാലസഭ എന്നിവ സ്കൂളിൽ നടത്തുന്നു.
* സാഹിത്യകാരൻമാരുമായുള്ള അഭിമുഖം.
* കഥ പറയൽ.

# ACADEMIC MASTER PLAN

## CLASS : A ENGLISH.

### AIM

* To speak, read and write English without any mistakes.

Time - June - July, August.

### June

* Pre test.

* To develop reading skills & listening skills first.

Listening Skills.

* Games
* Action Songs.
* Hello English Activities.
* Conversations.
* Skit.
* Stories.

Speaking Skills.

* Descriptions.
* Growing Sentences.
* Picture reading.
* Picture description.
* Self introduction
* Assembly Activities.
* Speech
* Book review.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 4

## ഗണിതം.

വസ്തുക്കളുടെ സംഖ്യകൾ ഉപയോഗിച്ച് അവതരിപ്പിക്കലും വ്യാഖ്യാനിക്കലും ചെയ്യുന്നതാണ് ഗണിത പഠന സമീപനം. ജീവിതത്തിന്റെ എല്ലാ മേഖലകളേയും ഗണിതശാസ്ത്ര പഠനം വളരെയേറെ സ്വാധീനിക്കുന്നുണ്ട്.

അർത്ഥപൂർണമായ ആശയ രൂപീകരണത്തിലൂടെ കുട്ടികളുടെ യുക്തി ചിന്ത വികസിപ്പിക്കുന്ന ഗണിത പഠന സമീപനമാണ് നാം സ്വീകരിക്കുന്നത്.

## ലക്ഷ്യങ്ങൾ

* അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
* ഗണിതത്തെ ജീവിതവുമായി ബന്ധിപ്പിക്കുക.
* കരിക്കുലം വിഭാവനം ചെയ്യുന്ന ശേഷികൾ നേടിയെന്ന് ഉറപ്പാക്കുക.
* ആധുനിക സാങ്കേതിക വിദ്യകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
* യുക്തി ചിന്ത, ഗണിത ചിന്ത, വിശകലന ശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## അക്കാദമിക മാസ്റ്റർ പ്ലാൻ

### ക്ലാസ്: 4 പരിസരപഠനം

ലക്ഷ്യം: 1.

* പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.

പ്രകൃതി നടത്തം.

* ചുറ്റുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കൽ.
* പ്രത്യേകതകൾ മനസ്സിലാക്കൽ
* വിവിധ തരം ആവാസവ്യവസ്ഥകൾ കണ്ടെത്തുന്നു.
* ജീവികളുടെ പരസ്പരാശ്രയത്വം ചർച്ച ചെയ്യുന്നു.
* നമുക്ക് ചുറ്റുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയുന്നു, സ്വയം തിരുത്തുന്നു.
* പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കുന്നു.

പൂന്തോട്ടം ഒരുക്കാം.

* സ്കൂൾ പൂന്തോട്ടം പരിപാലിക്കുന്നു.
* വീട്ടിൽ പൂന്തോട്ടം ഒരുക്കുന്നു.

ഒരു തൈ നടാം.

* പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടുന്നു.
* നട്ട വൃക്ഷത്തെ പരിപാലിക്കുന്നു.

പോസ്റ്റർ നിർമാണം.

* പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കുന്നു.
* പരിസരങ്ങളിൽ പതിക്കുന്നു.

## * LSS പരിശീലനം.

JUNE - MARCH.

- നാലാം ക്ലാസ് വിദ്യാർത്ഥികൾക്ക് ക്ലാസ് സമയത്തിന് പുറമെ ശനിയാഴ്ചകളിൽ വിഷയം തിരിച്ച് പ്രത്യേക പരിശീലനം നൽകുന്നു.
- കുട്ടികൾക്ക് ഓരോ വിഷയവുമായി ബന്ധപ്പെട്ട് അധിക പഠന സാമഗ്രികൾ ലഭ്യമാക്കുന്നു.
- മാതൃക പരീക്ഷകൾ നടത്തുന്നു.
- വാട്സ്ആപ്പ് ഗ്രൂപ്പുകളിൽ കുട്ടിക്കും അധിക പഠന സാമഗ്രികൾ ലഭ്യമാക്കുന്നു.

## * ക്ലാസ് അസംബ്ലി.

- ഈശ്വര പ്രാർത്ഥന
- പ്രതിജ്ഞ
- പത്രവാർത്ത
- ചിന്താവിഷയം.
- കടങ്കഥ
- ക്വിസ്
- Tongue Twister
- വായനക്കുറിപ്പ്
- ദിനാചരണ കുറിപ്പ്.
- Exercise.
- ദേശീയഗാനം.

## * ദിനാചരണങ്ങൾ

ഓരോ മാസത്തേയും സവിശേഷ ദിനങ്ങൾ സ്കൂളിൽ ആഘോഷിക്കുന്നു.

- പ്രത്യേക അസംബ്ലി.
- കുട്ടികളുടെ പരിപാടികൾ
- പതിപ്പ്
- ICT ഉപയോഗിച്ച് വീഡിയോ പ്രദർശനം.
- അതാത് വിഷയവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കൽ.
- സർഗാത്മക രചനകൾ.

## * ഓൺലൈൻ പ്രോഗ്രാമുകൾ


ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വൈകുന്നേരം 7 മണിക്ക് സ്കൂളിൽ വീട്ടിൽ ഓൺലൈൻ പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നു.

* ജനപ്രതിനിധികൾ
* വിവിധ വിഷയങ്ങളിൽ പ്രഗത്ഭരായവർ
* രക്ഷിതാക്കൾ
* കുട്ടികൾ

എന്നിവരുടെ ശക്തമായ സാന്നിധ്യവും സഹകരണവും ഉള്ള പ്രോഗ്രാമുകൾ.

# SCHOOL PLAN.

GOVT: L.P. SCHOOL
PURAPUZHA. - 29318
PURAPUZHA GRAMAPANCHAYATH.
THODUPUZHA - IDUKKI.




GOVT. L.P. SCHOOL
Date..........
PURAPUZHA